# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുടുംബം ഭാവിയുടെ മറുപടി



ക്യൂബ-ഭാവിയുടെ മറുപടി കുടുംബങ്ങളാണെന്ന് ഫ്രാൻസിസ് മാർപാപ്പ. സമൂഹത്തെ രക്ഷിക്കുന്നത് കുടുംബങ്ങളാണ്. നാലു ദിവസത്തെ ക്യൂബൻ സന്ദർശനം അവസാനിപ്പിച്ചുകൊണ്ടുള്ള പ്രഭാഷണത്തിലാണ് മാർപാപ്പ ഇക്കാര്യം പറഞ്ഞത്. കുടുംബങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതിൽ അദ്ദേഹം വിലപിച്ചു,''നമ്മൾ കുടുംബത്തോടൊപ്പം വളരെ കുറച്ച് സമയമേ ചെലവഴിക്കുന്നുള്ളൂ. അതിന്റെ ഫലമായിട്ട് എങ്ങനെയാണ് ക്ഷമ കാണിക്കേണ്ടതെന്നോ ക്ഷമ ചോദിക്കേണ്ടതെന്നോ നമുക്ക് അറിയാതെ പോകുന്നു, മാനുഷികതയുടെ വിദ്യാലയമാണ് കുടുംബം. ദയവായി ഒരു കാര്യം മറക്കരുത് കുടുംബങ്ങൾ ഒരിക്കലും ഒരു പ്രശ്നമല്ല അത് പ്രഥമവും പ്രധാനവുമായി ഒരു സാധ്യതയാണ്.''